## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 263 10.12.2012 -ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച പോലീസ് അന്വേഷണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കെ. നാരായണൻ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര സി. പി. ഐ. (എം) പ്രവർത്തകർ കൊലചെയ്യപ്പെടുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ ; | എ) 4. |
| ബി) കൊലചെയ്യപ്പെട്ടവർ ആരൊക്കെയാണെന്നും കൊലപാതകം നടത്തിയവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണെന്നും വെളിപ്പെടുത്തുമോ ; | ബി) |

| ക്രമ നം. | കൊലചെയ്യപ്പെട്ട സി.പി.ഐ. (എം) പ്രവർത്തകർ | കൊലപാതകം നടത്തിയവരുടെ രാഷ്ട്രീയ ബന്ധം |
|---|---|---|
| 1 | അഷറഫ് | ബിജെ.പി / ആർ.എസ്.എസ് |
| 2 | അനീഷ് രാജൻ | യു.ഡി. എഫ്. പ്രവർത്തകർ |
| 3 | വിനീഷ് | ബിജെ.പി / ആർ.എസ്.എസ് |
| 4 | ഗോപി @ ശോഭി | സി. പി. ഐ. (എം) |

| ചോദ്യം | മറുപടി |
|---|---|
| സി) പ്രസ്തുത കൊലപാതകങ്ങൾ സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത ഘട്ടത്തിലാണ് ; കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസ്സുകൾ ഏതൊക്കെയാണ് ; ഇനിയും കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടില്ലാത്തവ ഏതൊക്കെ ; | സി) അഷറഫ് വധവുമായി ബന്ധപ്പെട്ട് കണ്ണൂർ കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 250/11 – ലെ കേസ്സിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അനീഷ് രാജന്റെ വധവുമായി ബന്ധപ്പെട്ട് ഇടുക്കി നെടുങ്കണ്ടം പോലീസ് സ്റ്റേഷൻ ക്രൈം നം. 253/12 കേസ്സ് എ. ഡി. ജി. പി. (ക്രൈംസ്) - ന് കൈമാറി. വിനീഷിന്റെ വധവുമായി ബന്ധപ്പെട്ട് പാലക്കാട് ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 307/12 കേസ് ഇപ്പോൾ വിചാരണയിലാണ്. ഗോപി @ ശോഭി വധവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 980/11 – ലെ കേസ് ഇപ്പോൾ അന്വേഷണത്തിലാണ്. |

| | |
|---|---|
| ഡി) കൊലചെയ്യപ്പെട്ടവരുടെ വീട് ആഭ്യന്തര വകുപ്പുമന്ത്രി സന്ദർശിച്ച്, അന്വേഷണം സംബന്ധിച്ച് തുടർ നടപടികൾ ചർച്ച ചെയ്യുകയുണ്ടായോ ; | ഡി) ഇല്ല. |
| ഇ) സി. പി. ഐ. (എം) - ൽ നിന്നും പുറത്താക്കപ്പെട്ട ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടശേഷം ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എത്ര തവണ, വീട്ടിലെത്തി ബന്ധുക്കളുമായി അന്വേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി ? | ഇ) കൊല്ലപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽ ആഭ്യന്തര മന്ത്രി മൂന്ന് തവണയും, മുഖ്യമന്ത്രി, മന്ത്രിമാരായ ശ്രീ പി. കെ കുഞ്ഞാലിക്കുട്ടി, കുമാരി ജയലക്ഷ്മി, ശ്രീ എം. കെ. മുനീർ, ശ്രീ കെ. പി. മോഹനൻ എന്നിവർ ഓരോ തവണയും സന്ദർശിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ